പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2885 — 18/08/2017 ൽ മറുപടിയ്ക്ക്

# റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ടി.ബൽറാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കിയ ജില്ലകൾ ഏതെല്ലാം; പൂർത്തിയാകാത്ത ജില്ലകൾ ഏതെല്ലാം ; | (എ) സംസ്ഥാനത്തെ 1664 വില്ലേജുകളിൽ 885 വില്ലേജുകളിൽ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഒരു ജില്ലയിലും പൂർണ്ണമാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) റീസർവ്വേ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടില്ല. |
| (സി) റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് ആധുനിക രീതിയിലുള്ള സർവ്വേ പരിശീലനം നൽകി അവരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ ? | (സി) സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള സർവ്വേ പരിശീലനം നൽകി അവരുടെ സേവനം വിനിയോഗിച്ച് വരുന്നു. സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് 30 ദിവസത്തെ മോഡേൺ സർവ്വെ പരിശീലനം Institute of Management in Government മായി ബന്ധപ്പെട്ട് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ